II ഇ.ബി. XII- കേരള നിയമസഭ/XVII-11

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2011 ഫെബ്രുവരി 24, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

38 (*301) **സിവിൽ സ്പ്ലൈസ് കോർപ്പറേഷന്റെ വിൽപ്പന കേന്ദ്രങ്ങളുടെ നവീകരണം**

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) നൽകിയ മറുപടിയിൽ, സപ്ലൈകോ വിൽപ്പനശാലകളുടെ നവീകരണത്തിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു.

ഉപഭോക്താക്കൾക്ക് എത്തിച്ചേരാൻ സൗകര്യമായ സ്ഥലത്ത് വിൽപ്പനശാലകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

കൂടുതൽ ഉപഭോക്താക്കൾക്ക് സൗകര്യപ്പെടുന്നതും കൂടുതൽ വിൽപ്പന സാധ്യതയുള്ളതുമായ മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായി ഉയർത്താൻ ആവശ്യമായ നടപടി സ്വീകരിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 108 മാവേലി സ്റ്റോറുകൾ

സൂപ്പർ മാർക്കറ്റുകളാക്കിയതുവഴി വൈവിദ്ധ്യമുള്ള ഉൽപ്പന്നങ്ങൾ മിതമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് എത്തിക്കാൻ സാധിച്ചു.

സ്വയം സാധനങ്ങൾ തെരഞ്ഞെടുക്കാൻ സജ്ജമാക്കിയിട്ടുള്ള പീപ്പിൾസ് ബസാറുകൾ, ഹൈപ്പർ മാർക്കറ്റുകൾ, സൂപ്പർ മാർക്കറ്റുകൾ തുടങ്ങിയ വിൽപ്പനശാലകളിൽ അന്താരാഷ്ട്ര നിലവാരമുള്ള റാക്കുകൾ, ട്രോളി, ബില്ലിംഗ്, പൂർണ്ണമായ ശീതീകരണ സംവിധാനം തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തി. സംസ്ഥാനത്തുടനീളം ഇത്തരത്തിലുള്ള വിൽപ്പനശാലകൾ ഒരേ തരത്തിലുള്ള ഉന്നത നിലവാരത്തിൽ ആകർഷകമാക്കാൻ കഴിഞ്ഞു.

ആധുനിക സൗകര്യങ്ങൾ ഉൾക്കൊള്ളിച്ച് വിപണന ശാലകൾ, ഹൈപ്പർ മാർക്കറ്റുകൾ ആരംഭിച്ചതുവഴി വൻകിട കുത്തക കമ്പനികളുടെ പ്രവർത്തനങ്ങളുമായി കിടപിടിക്കാൻ സാധിച്ചു.

വിൽപ്പനശാലകൾ മോടിയാക്കാനും വൃത്തിയായി സൂക്ഷിക്കുന്നതിനും കർശന നിർദ്ദേശം നൽകിയതുവഴി വിൽപ്പനശാലകളിൽ ഉപഭോക്തൃസൗഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ സാധിച്ചു.

നിലവിലുള്ള സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾക്ക് പുറമേ 9 പുതിയ മാവേലി സ്റ്റോറുകൾ കൂടി ഉൾപ്പെടുത്തി മാർക്കറ്റ് @ ഡോർ സ്റ്റെപ്പ് എന്ന പദ്ധതി ആരംഭിച്ചു. ഇത് സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന സ്ഥലങ്ങളിലെ ഉപഭോക്താക്കൾക്ക് വിലക്കുറവിന്റെ പ്രയോജനം ഉറപ്പുവരുത്തി.

എല്ലാ വിൽപ്പനശാലകളിലും കമ്പ്യൂട്ടർ ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്തി. ഓരോ സാധനങ്ങൾക്കും ബാർ കോഡിംഗ് ഉള്ളതിനാൽ ഉപഭോക്താക്കൾക്ക് വേഗത്തിൽ ബിൽ നൽകി സാധനങ്ങൾ വിതരണം ചെയ്യാൻ കഴിയുന്നു.

ഗുണനിലവാരം ഉറപ്പാക്കിയ വസ്തുക്കൾ മാത്രം വിൽപ്പന നടത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഇതിനായി പരിശോധനാ വിഭാഗങ്ങളുടേയും വിജിലൻസ് സ്ക്വാഡുകളുടേയും പ്രവർത്തനം ശക്തിപ്പെടുത്തി.

വാങ്ങിയ സാധനങ്ങളുടെ ഗുണമേന്മ തൃപ്തികരമല്ലെങ്കിൽ തിരിച്ചെടുക്കുവാനും അതിന്റെ വിലയോ പകരം സാധനമോ തിരികെ ഉപഭോക്താവിന് നൽകുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തി.

ഉപഭോക്താക്കളോട് സൗഹൃദമായി പെരുമാറാനും വിൽപ്പനയുടെ കണക്കുകൾ മനസ്സിലാക്കിക്കൊടുക്കുവാനും ആവശ്യമായ പരിശീലനം ഉദ്യോഗസ്ഥർക്ക് നൽകുവാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എല്ലാ വിൽപ്പനശാലകൾക്കും നവീകരിച്ച ബോർഡുകൾ സ്ഥാപിക്കുകയും പെയിന്റിംഗ് നടത്തി മോടിപിടിപ്പിച്ച് ആകർഷകമാക്കാനുള്ള നടപടികളെടുത്തിട്ടുണ്ട്.

എല്ലാ വിൽപ്പനശാലകളിലും സാധനങ്ങൾ തൂക്കി നൽകാൻ ഇലക്ട്രോണിക് ത്രാസുകൾ ഏർപ്പെടുത്തി.

സൂപ്പർ മാർക്കറ്റുകളിലും പീപ്പിൾസ് ബസാറുകളിലും ഉപഭോക്താക്കൾക്ക് വാങ്ങിയ സാധനങ്ങളുടെ തൂക്കം പരിശോധിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി.

വിൽപ്പനശാലകളും താലൂക്ക് ഡിപ്പോകളും റീജിയണൽ ഹെഡ് ഓഫീസും തമ്മിൽ ഇന്റർനെറ്റ് കണക്ഷൻ വഴി ബന്ധിപ്പിച്ചിട്ടുള്ളതിനാൽ വിൽപ്പനശാലകളുടേയും ഡിപ്പോകളുടേയും പ്രവർത്തനം തത്സമയം അവലോകനം ചെയ്യാൻ കഴിയുന്നു. എല്ലാ വിൽപ്പനശാലകളിലും ഓൺലൈൻ കണക്ടിവിറ്റി ഏർപ്പെടുത്തി കൂടുതൽ വേഗതയാർന്ന സേവനം ലഭ്യമാക്കാൻ നടപടി എടുത്തു.

പൊതുജനങ്ങളുടെ സൗകര്യാർത്ഥം തെരഞ്ഞെടുക്കപ്പെട്ട സൂപ്പർ മാർക്കറ്റുകൾ/പീപ്പിൾസ് ബസാറുകൾ എന്നിവ ഞായറാഴ്ചയും തുറന്നു പ്രവർത്തിക്കുന്നുണ്ട്.

കർശനമായ ധനകാര്യമാനേജ്മെന്റ് ഏർപ്പെടുത്തി. വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുക വഴി ആഡിറ്റ് സംവിധാനം കൃത്യമായ രീതിയിൽ ശക്തിപ്പെടുത്തി. വിൽപ്പനയും കണക്കും ഒത്തുനോക്കൽ ശാസ്ത്രീയമായ ഇൻവെന്ററി സംവിധാനം, പർച്ചേസ് മാനേജ്മെന്റ് സംവിധാനം, നൂതന ശാസ്ത്രീയ വില നിർണ്ണയം, ഡിപ്പോകൾ ലാഭകേന്ദ്രങ്ങളാക്കൽ, ഓരോ ഡിപ്പോയ്ക്കും പ്രത്യേക ധനകാര്യ സ്റ്റേറ്റ്മെന്റ് തയ്യാറാക്കൽ, കൃത്യമായ ധനവിനിമയം എന്നിവ കൊണ്ട് അഴിമതിരഹിതമായ ഒരു പ്രവർത്തന അന്തരീക്ഷം ഉറപ്പാക്കാൻ സാധിച്ചു.

കോർപ്പറേഷൻ ആവിഷ്ക്കരിച്ച പുതിയ ഇൻവെന്ററി നയം, കഴിഞ്ഞ 3 മാസത്തെ ശരാശരി വിൽപ്പന, ആവശ്യകത, ഉപഭോഗം, എന്നിവയ്ക്ക് അനുസൃതമായി സ്റ്റോക്ക് ഉറപ്പുവരുത്തുന്നു. പർച്ചേസിന്റെ കാര്യക്ഷമത ഇൻവെന്ററി മാനേജ്മെന്റുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. പർച്ചേസിന്റെ കാര്യക്ഷമതയ്ക്കുവേണ്ടി ഇ-പർച്ചേസ്, ഇ-പേയ്മെന്റ്, ട്രാൻസ്പോർട്ടേഷൻ കണക്കാക്കി കുറഞ്ഞ വില നിശ്ചയിക്കൽ തുടങ്ങിയ സംവിധാനങ്ങൾ തുടർന്നുവരുന്നു. ഇതിനു പുറമേ പർച്ചേസ് സംവിധാനം കൂടുതൽ സുതാര്യമാക്കുന്നതിനായി NCDEX, MCX സംഭരണ കേന്ദ്രങ്ങൾ എന്നിവയുമായി നേരിട്ട് ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു.

ശാസ്ത്രീയമായ ഇൻവെന്ററി മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയതുവഴി എല്ലാ വിൽപ്പന ശാലകളിലും ആവശ്യത്തിനുള്ള സ്റ്റോക്ക് എല്ലായ്പ്പോഴും ഉണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ട്.

സാധാരണക്കാർക്ക് അവശ്യസാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് വിതരണം ചെയ്യാൻ വില നിർണ്ണയം ശാസ്ത്രീയമായി പരിഷ്ക്കരിച്ചു. 50% വരെ വിലക്കുറവിൽ അവശ്യസാധനങ്ങളും, എം.ആർ.പി.യേക്കാൾ 3-7% വരെ കുറഞ്ഞ നിരക്കിൽ മറ്റ് നിത്യോപയോഗസാധനങ്ങളും വിതരണം ചെയ്യുന്നു.

വൻകിട കമ്പനികളുടെ സംരംഭങ്ങളെ നേരിടാൻ കഴിയുംവിധം എറണാകുളം, തിരുവനന്തപുരം, കോട്ടയം എന്നിവിടങ്ങളിലായി 3 ഹൈപ്പർ മാർക്കറ്റുകൾ ആരംഭിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള ഫർണിഷിംഗ്, പൂർണ്ണമായും ശീതികരണ സംവിധാനം തുടങ്ങിയവ ഏർപ്പെടുത്തിയ വിൽപ്പ നശാലകളാണ് ഹൈപ്പർ മാർക്കറ്റുകൾ. സാധനങ്ങൾ സ്വയം തെരഞ്ഞെടു ക്കാനും ഇവിടെ സൗകര്യമുണ്ടായിരിക്കും. ഇതുമൂലം സാധാരണ ഉപഭോ ക്താക്കൾക്ക് വിപണന രംഗത്തെ ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കാനും മിതമായ വിലയ്ക്ക് ആവശ്യമുള്ള വസ്തുക്കൾ വിതരണം ചെയ്യാനും കഴിയുന്നു. ഹൈപ്പർ മാർക്കറ്റുകളിൽ എല്ലാ നിത്യോപയോഗ സാധന ങ്ങൾക്കും പുറമേ എല്ലാ ഉപഭോക്തൃ താത്പര്യ ഉത്പന്നങ്ങളും ലഭ്യമാ ക്കാനാണ് ഉദ്ദേശിക്കുന്നത്. വിൽപ്പനകേന്ദ്രങ്ങളുടെ അടിസ്ഥാന സൗക ര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടിയെടുത്തിട്ടുണ്ട്. പൊതുവിതരണ മേഖല ശക്തിപ്പെടുത്താൻ ബഡ്ജറ്റിൽ 500 കോടി രൂപയാണ് വകയിരുത്തിയി ട്ടുള്ളത്. അവികസിത മേഖലകൾ, മലയോര പ്രദേശങ്ങൾ, ആദിവാസി മേഖലകൾ, തീരപ്രദേശങ്ങൾ എന്നിവയ്ക്ക് മുൻതൂക്കം നൽകി കാസർഗോഡ്, തലശ്ശേരി, കണ്ണൂർ, വടകര, പെരിന്തൽമണ്ണ, ചാലക്കുടി, റാന്നി, നെടുമങ്ങാട്, മാനന്തവാടി എന്നിവിടങ്ങളിൽ സഞ്ചരിക്കുന്ന മാവേലി

സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട്. കൂടുതൽ സ്ഥലങ്ങളിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ അനുവദിക്കണമെന്ന ആവശ്യവും ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്. ഭക്ഷ്യധാന്യങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിനായി വിജിലൻസ് പരിശോധനാ വിഭാഗം ശക്തിപ്പെടുത്തുകയും കേസുകളെടുക്കുകയും കുറ്റക്കാരെ കരിമ്പട്ടികയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആദിവാസി മേഖലകളിൽ റേഷൻ സാധനങ്ങളെത്തിക്കുന്നതിന് പല പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും റേഷൻ കടക്കാരുടെ കമ്മീഷൻ വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം ബഡ്ജറ്റിലുണ്ടെന്നും നിലവിലുള്ള ബി.പി.എൽ ലിസ്റ്റിൽ കൂടുതൽ വിഭാഗങ്ങളെ ഉൾപ്പെടുത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. കേന്ദ്ര സർക്കാരിന്റെ ബി.പി.എൽ ലിസ്റ്റ് 11 ലക്ഷം പേരുടേതാണെന്നും സംസ്ഥാനത്തെ ജനങ്ങളുടെ സ്ഥിതി പരിഗണിച്ച് സർക്കാർ ഇപ്പോൾ 35 ലക്ഷം ആളുകളുടെ ലിസ്റ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നും അസംഘടിത മേഖലയിലെ തൊഴിലാളികളാരെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ അവരെയും കൂടി ഇതിൽ ഉൾപ്പെടുത്തുമെന്നും ഒരു ഉപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കി.

39 (*302) <u>യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനം</u>

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻ പിള്ള) നൽകിയ മറുപടിയിൽ, യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വയംതൊഴിൽ പരിശീലനം, ബോധവൽക്കരണം, കാർഷിക വികസന പദ്ധതികൾ എന്നിവയ്ക്ക് യുവജനക്ഷേമ ബോർഡ് വഴി ധനസഹായം നൽകി വരുന്നുണ്ടെന്നും യുവാക്കളിൽ സാഹസികത

വളർത്തുക ലക്ഷ്യമാക്കി യുവജനക്ഷേമബോർഡ് കേരളത്തിലെ വിവിധ ജില്ലകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട യൂത്ത് ക്ലബ്ബുകൾക്ക് സാഹസിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും വനിതകളുടെ ക്ഷേമവും ഉന്നമനവും ലക്ഷ്യമാക്കി രൂപീകരിച്ച വനിതാ യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും തൊഴിൽ മേഖലകൾ പരിചയപ്പെടുത്തുന്നതിനുമായി സ്വയംതൊഴിൽ പരിശീലന സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും ധനസഹായം നൽകിവരുന്നുണ്ടെന്നും സാമൂഹ്യ സേവന രംഗത്ത് മികവ് പ്രകടിപ്പിക്കുന്ന സംഘടനകൾക്ക് വർഷംതോറും യൂത്ത് അവാർഡുകൾ നൽകി വരുന്നുണ്ടെന്നും സഭയെ അറിയിച്ചു. . സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നുണ്ട്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പഞ്ചായത്ത് യൂത്ത് സെന്ററുകൾ മുഖേന കാർഷിക, വ്യാവസായിക മേഖലകളിൽ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി എല്ലാ പഞ്ചായത്തുകളിലും യൂത്ത് കോർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ട്. സ്വയം തൊഴിൽ പരിശീലനത്തിനായി യുവജന ക്ലബ്ബുകൾക്ക് ധനസഹായവും നൽകി വരുന്നുണ്ട്. കോർപ്പറേറ്റ് സ്വകാര്യ മേഖലകളിലെ ജോലി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ജോബ് ഫെസ്റ്റ് എന്ന പേരിൽ തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നുണ്ട്. വെബ്സൈറ്റ് വഴി ജോബ് രജിസ്ട്രേഷൻ, ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ഇൻഫർമേഷൻ സെന്റർ, ഇന്റർനെറ്റ് സൗകര്യം എന്നിവ യുവജനങ്ങൾക്ക് പ്രയോജനപ്പെടത്തക്ക രീതിയിൽ ജാലകം എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. യുവജനങ്ങളെ സഹായിക്കാനായി കാർഷിക മേഖലയ്ക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ട്. സമൂഹ

ത്തിലുണ്ടാകുന്ന എല്ലാത്തരം പ്രതിസന്ധികളെയും അനായാസം തരണം ചെയ്യാനായി ഓരോ പഞ്ചായത്തിലും പഞ്ചായത്ത് ഭരണ സമിതി തെരഞ്ഞെടുക്കുന്ന 50 പേർ വീതമുള്ള യുവകർമ്മ സേനയ്ക്ക് രൂപം കൊടുത്തിട്ടുണ്ട്. 15-നും 30-നും ഇടയിൽ പ്രായമുള്ളവരും സാമൂഹിക, കായിക രംഗങ്ങളിൽ പ്രവർത്തിക്കാൻ താൽപ്പര്യമുള്ളവരുമായിരിക്കണം യൂത്ത് ക്ലബ്ബിലെ അംഗങ്ങൾ. യൂത്ത് ക്ലബ്ബുകൾ അതാത് ജില്ലാ യൂത്ത് സെന്ററുകളുമായി സഹകരിച്ച് പ്രവർത്തിക്കേണ്ടതാണ്. 141 യുവജന ക്ലബ്ബുകൾക്കായി 2009 -2010 സാമ്പത്തിക വർഷം 16,30,000 രൂപ ധനസഹായം നൽകിയിട്ടുണ്ടെന്നും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ബാക്കിയുള്ള ക്ലബ്ബുകൾക്കും ധനസഹായം നൽകുന്നതാണെന്നും കാർഷിക സർവ്വകലാശാല രൂപം നൽകിയിരിക്കുന്ന ഫുഡ് സെക്യൂരിറ്റി ആർമി സംവിധാനവും യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനവും സംയോജിപ്പിച്ച് ചെറുപ്പക്കാരെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതാണെന്നും പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് യുവജനങ്ങൾക്ക് അവയർനെസ് ക്യാമ്പെയിനുകൾ നൽകി വരുന്നത് വിപുലമാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

40(*303) <u>നികുതി വകുപ്പിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ</u>

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്ക്) നൽകിയ മറുപടിയിൽ, കഴിഞ്ഞ അഞ്ചു വർഷം കൊണ്ട് കേരളത്തിലെ നികുതി ഭരണം സമൂലമായ പരിഷ്ക്കരണത്തിനു വിധേയമാക്കിയെന്നും ഇതിൽ ഏറ്റവും പ്രധാനം സമഗ്രമായ കമ്പ്യൂട്ടറൈസേഷനാണെന്നും കേരളം

ഇക്കാര്യത്തിൽ മാതൃകയായി അംഗീകരിക്കപ്പെട്ടുവെന്നും രണ്ടു ദേശീയ അവാർഡുകൾ ഇതിനകം ലഭിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. റിട്ടേൺ സ്ക്രൂട്ടണി ശാസ്ത്രീയമാക്കിയതിലൂടെ സ്ക്രൂട്ടണിയുടെ കാര്യക്ഷമത ഉയർത്താൻ കഴിഞ്ഞു. ഇ-ഫയലിംഗ് സമ്പ്രദായം ലളിതവും സുതാര്യ വുമാണ്. ഇ-റിട്ടേൺ, ഇ-പേയ്മെന്റ് എന്നിവ നടപ്പാക്കിയതിലൂടെ നികുതി തൽസമയം സർക്കാർ ഖജനാവിൽ എത്തിക്കാനും 25 ശതമാനത്തിൽ താഴെ മാത്രം ഉണ്ടായിരുന്ന റിട്ടേൺ സ്ക്രൂട്ടണി 85 ശതമാനത്തിലധികമായി ഉയർത്താനും കഴിഞ്ഞു. റിട്ടേൺ സ്ക്രൂട്ടണി കൂടുതൽ ഫലപ്രദമാക്കുന്ന തിനുവേണ്ടി ഓഡിറ്റ് അസെസ്മെന്റ് വിംഗിനെ വാറ്റു സർക്കിളുകളുമായി സംയോജിപ്പിച്ചു. വാറ്റു സർക്കിളുകളിലെ ഫയലുകളുടെ എണ്ണം പുന:ക്രമീകരിച്ചു. വ്യാപാരികൾ തമ്മിലുള്ള ക്രയവിക്രയങ്ങൾ ഡാറ്റാ ബേസിൽ ഉള്ളതിനാൽ റിട്ടേൺ സ്ക്രൂട്ടണി വഴി കണക്കിൽ ഉൾപ്പെടു ത്താത്ത ക്രയവിക്രയങ്ങൾ കണ്ടുപിടിക്കാനും നികുതി ചോർച്ച തടയാനും സാധിക്കുന്നു. 2.18 ലക്ഷം വരുന്ന കെ.ജി.എസ്.ടി. കുടിശ്ശിക അസെസ്മെന്റു കൾ അദാലത്തു വഴി തീർപ്പുകൽപ്പിച്ചതുമൂലം പെട്രോളിയം, മദ്യം എന്നിവ ഒഴികെയുള്ള കെ.ജി.എസ്.ടി. കേസുകളിൽ നിന്ന് മുഴുവൻ ജീവനക്കാരെയും വാറ്റിലേയ്ക്ക് മാറ്റി നിയോഗിച്ചു. നികുതി കുടിശ്ശിക കേസുകൾ പ്രത്യേകം പ്രത്യേകമായി പരിശോധിച്ച് ഇതിനകം റവന്യൂ റിക്കവറിയിലൂടെ ബോട്ട് ഇൻലാന്റായി പിടിച്ചെടുത്തതോ പണം പിരിച്ചെടുത്തതോ റവന്യൂ അധികൃതർ കിട്ടാക്കടമായി പ്രഖ്യാപിച്ചതോ ആയ കേസുകളെ കുടിശ്ശിക ലിസ്റ്റിൽ നിന്ന് ഒഴിവാക്കുകയും ബാക്കിയുള്ളവ ആംനസ്റ്റി സ്കീം വഴി ഒറ്റ ത്തവണ തീർപ്പാക്കുകയും ചെയ്തു. ഇപ്പോൾ സ്റ്റേയിൽ ഉൾപ്പെടാത്ത

പിരിച്ചെടുക്കാൻ കഴിയുന്ന കുടിശിക 747.33 കോടി രൂപ മാത്രമാണ്. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ടെന്നും തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശൂർ എന്നീ ജില്ലാ കേന്ദ്രങ്ങളിൽ ടാക്സ് കോംപ്ലക്സുകളുടെ പണി പൂർത്തിയാക്കിയെന്നും ജീവനക്കാരുടെ മുഖ്യപരാതികൾ പരിഹരിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ക്ലറിക്കൽ സ്റ്റാഫിനടക്കം മൂന്ന് പ്രാവശ്യം സംസ്ഥാനതലത്തിൽ സമ്പൂർണ പരിശീലനം നൽകി. മന്ത്രി തന്നെ പങ്കെടുത്ത് മേഖലാടിസ്ഥാനത്തിൽ വർഷത്തിൽ രണ്ടുവട്ടം നികുതി പിരിവ് അവലോകനം നടത്തി. വ്യാപാരി സൗഹൃദ സമീപനം സ്വീകരിച്ചതോടൊപ്പം നിരന്തരമായി അവരുമായി ചർച്ചകൾ നടത്തി പ്രശ്നങ്ങൾ പരിഹരിച്ചു. അതിർത്തി ചെക്ക് പോസ്റ്റുകളിൽ കമ്പ്യൂട്ടറൈസേഷൻ നടത്തി. വാളയാർ, മഞ്ചേശ്വരം, മുത്തങ്ങ, അമരവിള എന്നിവിടങ്ങളിൽ സംയോജിത ചെക്ക് പോസ്റ്റുകൾ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങി. പാലക്കാട് ജില്ലയിലെ ചെക്ക്പോസ്റ്റുകളും മഞ്ചേശ്വരം, അമരവിള അതിർത്തി ചെക്ക്പോസ്റ്റുകളും അഴിമതി വിമുക്തമാക്കി. പ്രധാന ചെക്ക്പോസ്റ്റുകൾ കമ്പ്യൂട്ടർവൽക്കരിച്ചതിലൂടെ ചെക്ക്പോസ്റ്റുകൾവഴി കടന്നുപോകുന്ന വാഹനങ്ങളുടേയും ചരക്കുകളുടേയും വിശദ വിവരങ്ങൾ ഉടൻ തന്നെ നികുതി നിർണ്ണയ അധികാരികൾക്ക് ലഭ്യമാകുന്നു. ഇന്റലിജൻസ് വിഭാഗത്തിന് പുതിയ വാഹനങ്ങളും കൂടുതൽ ജീവനക്കാരെയും നൽകിയിട്ടുണ്ടെന്നും കാര്യക്ഷമമായി പ്രവർത്തിക്കുന്ന ജീവനക്കാർക്ക് അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഇന്റലിജൻസ് വിഭാഗം കാര്യക്ഷമമാക്കാൻ വേണ്ടി പുതുതായി മലപ്പുറം, വയനാട്, മട്ടാഞ്ചേരി, ആലപ്പുഴ എന്നിവിടങ്ങളിൽ ഐ.എ.സി. ഇന്റലിജൻസ് ഓഫീസുകൾ പുതുതായി ആരംഭിച്ചുവെന്നും

വയനാട്, കാസർകോട്, പത്തനംതിട്ട ജില്ലകളിൽ പുതുതായി ഡെപ്യൂട്ടി കമ്മീഷണർമാരുടെ ഓഫീസുകൾ തുടങ്ങിയെന്നും . മേൽനോട്ടം കാര്യക്ഷമമാക്കാൻ വേണ്ടി മൂന്ന് ജോയിന്റ് കമ്മീഷണർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2448 മുതൽ 2618 വരെയുള്ള ചോദ്യങ്ങളിൽ 87 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)